ഉത്തരം

(എ ആൻറ് ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതുമൂലമുണ്ടായിട്ടുള്ള ആശങ്കകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. സോഷ്യൽ സയൻസ് ചോദ്യപേപ്പർ ചോർന്നതായി സംശയം ഉണ്ടായ ഉടൻതന്നെ പ്രസ്തുത പേപ്പർ ഉൾപ്പെടെ അതിനുശേഷം നടക്കേണ്ടിയിരുന്ന ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇൻഫർമേഷൻ ടെക്നോളജി പേപ്പറുകൾക്കുള്ള പരീക്ഷകൾ മാറ്റിവെയ്ക്കുകയും പ്രസ്തുത വിഷയങ്ങൾക്ക് പുതുതായി ചോദ്യപേപ്പർ തയ്യാറാക്കി അടിയന്തിരമായി പരീക്ഷ നടത്തുകയും സമയബന്ധിതമായി മൂല്യനിർണ്ണയം നടത്തി പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചോർച്ച ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

(ഇ) ബഹു. ഹൈക്കോടതിയുടെ 29-4-2005-ലെ ഡബ്ല്യു.പി.(സി). 13132/05 കേസിലെ ഉത്തരവിൽ എസ്.എസ്.എൽ.സി. പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി ചോദ്യപേപ്പർ ചോർച്ച തടയുന്നതുൾപ്പെടെയുള്ള ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിൻെറ പരിഗണനയ്ക്കായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം പരീക്ഷാ നടത്തിപ്പ് പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാരിൻെറ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ കോടതിയുടെ അന്തിമവിധിക്ക് വിധേയമായിരിക്കും.

പാലക്കാട് ജില്ലയിലെ എച്ച്. എസ്. എ. റാങ്ക് ലിസ്റ്റ്

63 [1588] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹിന്ദി എച്ച്. എസ്. എ. തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നിലവിൽ ഏഴ് ഒഴിവുകൾ ഉണ്ട്.

(ബി) ദിവസക്കൂലി അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

അദ്ധ്യാപകരുടെ താൽക്കാലിക ഒഴിവുകൾ

64 [1591] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ അവധി എടുക്കുന്നതുകൊണ്ടുണ്ടാകുന്ന താൽക്കാലിക ഒഴിവുകൾ നികത്തുവാൻ നിലവിലുള്ള ചട്ടങ്ങൾ എന്തൊക്കെയെന്ന് വിവരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly